(സി) ക്രൈം കേസുകളിൽ ഉൾപ്പെട്ടതും കോടതി കേസുകളുമായി ബന്ധപ്പെട്ടവയും കോടതി തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഡിസ്പോസ് ചെയ്യാൻ കഴിയുകയുള്ളൂ.

**ഓപ്പറേഷൻ കുബേര**

206 (3840) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരമുള്ള നടപടിമൂലം അനധികൃതമായി കൈവശം വച്ച രേഖകൾ, ആഭരണ വസ്തുക്കൾ, പണം എന്നിവ എത്ര വീതം കണ്ടെടുത്തുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും ഓപ്പറേഷൻ കുബേര പ്രകാരം പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഇവയുടെ പ്രവർത്തന കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഓപ്പറേഷൻ കുബേര പ്രകാരമുള്ള നടപടിമൂലം അനധികൃതമായി കൈവശം വച്ച 36175 രേഖകൾ 5,03,35,974 (അഞ്ച് കോടി മൂന്ന് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിനാല്) രൂപ, 3904.94 ഗ്രാം സ്വർണ്ണം, 4 ഗ്രാം വെള്ളി, 5 തരം ആഭരണം എന്നിവ കണ്ടെടുത്തിട്ടുണ്ട്.

(ബി) ഓരോ പോലീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചും ഓപ്പറേഷൻ കുബേര പ്രകാരം പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നില്ല.

**സ്ത്രീധന പീഡനം സംബന്ധിച്ച കേസുകൾ**

207 (3841) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീധന പീഡനം സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ത്രീധനത്തിന്റെ പേരിൽ നടന്ന എത്ര കൊലപാതകങ്ങളും എത്ര ആത്മഹത്യയും ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 18157 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly